## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5882 — 09 /07/2012 - ൽ മറുപടിക്ക്

### കുക്കിംങ് ഗ്യാസ് ബുക്കിങ്ങിന് ഓൺ ലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കുക്കിംങ് ഗ്യാസ് വിതരണ ത്തിലുള്ള അഴിമതി കാരണം പൊതു ജനങ്ങൾക്ക് മുൻഗണനാ ക്രമം അനുസരിച്ച് ഗ്യാസ് സിലിണ്ടർ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) റീഫിൽ സിലിണ്ടറുകൾ പരമാവധി മുൻഗണനാ ക്രമത്തിൽ തന്നെയാണ് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ അംഗീകൃത വിപണന മേഖലയ്ക്ക് പുറമെയുള്ള ഉൾപ്രദേശങ്ങളിലേക്ക് ഒരു പ്രത്യേക ദിവസം മുൻകൂട്ടി നിശ്ചയിച്ച് വിതരണം നടത്തി വരുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ ബുക്കിംങ് മുൻഗണനാ ക്രമം പാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാന-തല കോ -ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| ബി) പൊതുജനങ്ങൾക്ക് കുക്കിംങ് ഗ്യാസ് ബുക്കിംങ്ങിനായി ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | ബി) പൊതു മേഖലാ സ്ഥാപനങ്ങളായ എച്ച്.പി.സി. എല്ലിൽ റീഫിൽ ബുക്കിംങ്ങിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബി.പി. സി.യിൽ ഓൺ ലൈൻ ബുക്കിംങ് സംവിധാനവും എസ്സ്.എം.എസ്സ്. ബുക്കിംങ് സംവിധാനവും നിലവിലുണ്ട്. ഐ.ഒ.സി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ല കളിൽ ഐ.വി.ആർ.എസ്. സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുമെന്നും ഇതിന് പുറമേ ഓൺ-ലൈൻ ബുക്കിംങ് സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്നും ഓയിൽ കമ്പനികളുടെ സംസ്ഥാ-നതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഇക്കാര്യത്തിനായി ഒരു വെബ് സൈറ്റ് തുടങ്ങി ഓൺ ലൈൻ ആയി ഗ്യാസ് സിലണ്ടർ ബുക്കു ചെയ്യുന്നതിനും ഏജൻസികളിലെ ഗ്യാസ് സിലിണ്ടറുകളുടെ സ്റ്റോക്ക് നിലവാരം നിരീക്ഷിക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) എൽ.പി.ജി. ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ പക്കലുള്ള സ്റ്റോക്ക് സുതാര്യമായി നിരീക്ഷിക്കാനുള്ള ഓൺ ലൈൻ സംവിധാനം പൊതുമേഖലാ ഓയിൽ കമ്പനികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് റീഫില്ലുകളുടെ വിതരണത്തിന്റെ വിശദാംശം അറിയാൻ മൂന്ന് ഓയിൽ കമ്പനികളുടേയും വെബ്സൈറ്റായ www.indane.co.in, www.hindustanpetroleum.com, www.ebharatgas.com എന്നീ വെബ് സൈറ്റുകളിൽ കൂടി അറിയാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ